ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ പാലങ്ങളുടെയോ, റോഡുകളുടെയോ നിർമ്മാണത്തിനായി നബാർഡിൽനിന്നും ഈ വർഷം ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രോജക്ടുകളൊന്നും നിലവിൽ നബാർഡിന്റെ പരിഗണനയിലില്ല. പാലപ്പുറം- കുതിരവഴി-നെല്ലിക്കുറിശ്ശി റോഡിന്റെ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബാധകമല്ല.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട്**

369 (1427) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം നിർമ്മാണപ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചു; ഓരോ പ്രവൃത്തിയുടെയും വിശദാംശവും, അനുവദിച്ച തുകയും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ഓരോ പ്രോജക്ടിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ;

(സി) ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ള ഏതു പ്രവൃത്തികളുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും, അനുവദിച്ച തുകയും ഭരണാനുമതിയുടെ പകർപ്പും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ഇതിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു മറ്റുള്ളതിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെട്ടിട വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*- കെട്ടിട വിഭാഗത്തിൻകീഴിൽ നൽകിയ ഭരണാനുമതിയുടെ പകർപ്പുകൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു പ്രവൃത്തിക്കും ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly